പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 614

12.06.2012ൽ മറുപടിയ്ക്ക്

# സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി |
| (എ) പല വകുപ്പുകളിലുമുള്ള സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വിവരസാങ്കേതികവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി)നൂറു ദിനകർമ്മപരിപാടിയിൽ ഉൾപ്പെടുത്തി, എല്ലാസർക്കാർ ഉത്തരവുകളും അവ പുറപ്പെടുവിക്കുന്ന ദിവസം തന്നെ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി IDEAS മുഖേന www.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി വിവരസാങ്കേതിക (സെൽ) വകുപ്പിന്റെ 6.7.2011ലെ 2011/2373/1നം സർക്കുലർ പ്രകാരം നടപടിക്രമങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേയും (നിയമവകുപ്പ് ഒഴികെ) ടൈപ്പിസ്റ്റ്, അസിസ്റ്റന്റ്, സെക്ഷൻഓഫീസർമാർ എന്നിവർക്ക് വിവരസാങ്കേതിക (സെൽ) വകുപ്പ് പരിശീലനം നല്കുകയും അതാത് വകുപ്പുകളിലെ സെക്ഷനുകൾക്ക് വേണ്ട നിർദ്ദേശം നൽകുന്നതിന് വകുപ്പ് സെക്രട്ടറിമാരോട് അഭ്യർത്ഥിക്കുകയുമുണ്ടായി. വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളെല്ലാം വെബ്സൈറ്റിൽ |

പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കായി അതാത് വകുപ്പുകളിലെ നോഡൽ ഓഫീസർമാർക്ക് 29.10.2011ലെ 2011/2373/1 കുറിപ്പു പ്രകാരംനിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ